പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 39 — 28/6/2016 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

**ചോദ്യം**

**ശ്രീ. ഡി.കെ. മുരളി**

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിന് മുൻകാലങ്ങളിൽ ഏറെ കാലതാമസം നേരിട്ടിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിച്ച് പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ചികിത്സാ ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ റിപ്പോർട്ടുകൾ നൽകുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ;

(സി) എം.എൽ.എ മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ധനസഹായങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം അതാത് എം.എൽ.എ മാരെ രേഖാമൂലം അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

(എ) യും (ബി) യും

ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനായി നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നു.

(സി) ഇപ്പോൾ നിലവിലില്ല. സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് എം.എൽ.എ.മാർക്ക് ഈ വിവരങ്ങൾ e-mail വഴി ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ